Volume: 1, Issue:2

# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

മാർച്ച് 22 തിങ്കൾ 2021

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

## 391 പേർ കോവിഡ് വാക്സിൻ സ്വീകരിച്ചു

**മിൻസിയ നസ്റി കെ.എസ്.**

അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നും 391 പേർ കോവിഡ് വാക്സിൻ കുത്തിവെപ്പെടുത്തു. ഈ മാസം പന്ത്രണ്ടാം തീയതി മുതലാണ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ പൊതുജനങ്ങൾക്കായുള്ള കുത്തിവെപ്പ് ആരംഭിച്ചത്. അറുപത് വയസിനു താഴെയുള്ളവർക്കും, പ്രമേഹം, രക്തസമ്മർദ്ദം, അർബുദം, ഹൃദ്രോഗം പോലുള്ള മാരക രോഗങ്ങളുള്ളവർക്കുമാണ് കുത്തിവെപ്പ് നൽകുന്നത്. ഒരു ദിവസം നൂറ് പേർക്ക് എന്ന കണക്കിൽ തിങ്കൾ, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലാണ് കുത്തിവെപ്പ്. ഓൺലൈൻ രജിസ്ട്രേഷൻ വഴി ടോക്കൺ എടുക്കണം.

"കുത്തിവെപ്പെടുക്കാൻ ജനങ്ങൾക്ക് ആദ്യം ഒരു വിമുഖത ഉണ്ടായിരുന്നു. പിന്നീടതു മാറി കൂടുതൽ പേർ ഇപ്പോൾ തയ്യാറായി വരുന്നുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ വഴി ഒരു ദിവസം അമ്പത് പേരോളം കുത്തിവെപ്പിനായി എത്തുന്നുണ്ട്. കുത്തിവെപ്പ് എടുത്തവരെ മുപ്പത് മിനിറ്റ് ആരോഗ്യകേന്ദ്രത്തിൽ നിരീക്ഷണത്തിനായിരുത്തും. പോലീസുകാർക്കും, തിരഞ്ഞെടുപ്പ് ജോലികളിൽ ഏർപ്പെടുന്നവർക്കുമാണ് ആദ്യം കുത്തിവെയ്പ്പ് നൽകിയത്. 18 വയസ്സിനു താഴെയുള്ളവർക്ക് കുത്തിവെപ്പ് നൽകാൻ അനുവാദമില്ല," ഹെൽത്ത് ഇൻസ്പെക്ടർ ബി. ബി. രാജേഷ് പറഞ്ഞു.

ഇരുപതിനും നാൽപ്പത്തിയഞ്ചിനും ഇടയിലുള്ളവർക്ക് കുത്തിവെയ്പ്പിനു ശേഷം ശരീരത്തിലെ ആന്റിജൻ, ആന്റിബോഡി എന്നിവയുടെ പ്രതികരണം മൂലം പന്ത്രണ്ട് മണിക്കൂറിനുള്ളിൽ പനി, ശരീരവേദന, കുത്തിവെപ്പെടുത്ത ഭാഗത്ത് വേദന എന്നിങ്ങനെ ശാരീരിക പ്രശ്നങ്ങൾ അനുഭവപ്പെട്ടേക്കാം. ഇരുപത്തിനാലു മണിക്കൂറിനു ശേഷവും ഈ നില തുടർന്നാൽ ഉടനടി ആരോഗ്യവിദഗ്ധരെ സമീപിക്കുകയും ആവശ്യമായ മുൻകരുതലുകൾ എടുക്കുകയും വേണം. അമ്പതു വയസ്സിനു മുകളിലുള്ളവർക്ക് പ്രശ്നങ്ങൾ അധികം ഉണ്ടാകാൻ സാധ്യതയില്ല.


*അങ്ങാടിക്കടവ് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിന്നും കോവിഡ് വാക്സിൻ സ്വീകരിക്കുന്നയാൾ*

ഒരു വ്യക്തിക്ക് രണ്ടു ഡോസ് കുത്തിവെപ്പാണ് നൽകുക. ആദ്യത്തെ ഡോസ് എടുത്തു കഴിഞ്ഞു ഇരുപത്തിയെട്ട് ദിവസത്തിനു ശേഷമാണ് അടുത്ത ഡോസ് നൽകേണ്ടത്. കോവിഡ് പോസിറ്റീവ് ആയ വ്യക്തിക്ക് ഇരുപത്തിയെട്ടു ദിവസങ്ങൾക്കു ശേഷം മാത്രമേ കുത്തിവെപ്പ് നൽകാൻ പാടുള്ളു.

കീഴ്പ്പള്ളി ബ്ലോക്ക് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നുമാണ് കുത്തിവെപ്പിനായുള്ള കോവിഡ് പ്രതിരോധ മരുന്ന് അങ്ങാടിക്കടവിലേക്ക് കൊണ്ടുവരുന്നത്. കീഴ്പ്പള്ളി ബ്ലോക്കിനു കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഒന്നാണ് അങ്ങാടിക്കടവ്. ലഭിച്ച വാക്സിനുകൾ അതത് ആരോഗ്യ കേന്ദ്രങ്ങളിൽ തന്നെയാണ് സൂക്ഷിക്കുന്നത്.

**മുൻകരുതലുകൾ**

- ശരീരത്തിനു ഹാനികരമായ മദ്യം, പുകയില ഉത്പന്നങ്ങൾ, മറ്റു ലഹരി പദാർത്ഥങ്ങൾ മുതലായവ ഉപയോഗിക്കരുത്.
- കുത്തിവെയ്പ്പ് എടുത്താലും മാസ്ക്, സാനിറ്റൈസർ, സാമൂഹിക അകലം എന്നിവ നിർബന്ധമാക്കുക.

## അയ്യൻകുന്ന് വില്ലേജിനെ രണ്ടായി തിരിക്കും

**അനുശ്രീ കെ.**



അങ്ങാടിക്കടവ് : നാലു മാസമായി റവന്യു വകുപ്പ് നടത്തി വരുന്ന റീസർവേക്ക് ശേഷം അയ്യൻകുന്ന് വില്ലേജിനെ കരിക്കോട്ടക്കരി, അയ്യൻകുന്ന് എന്നിങ്ങനെ രണ്ടു വില്ലേജുകളായി തിരിക്കും.

കയ്യേറ്റ ഭൂമികൾ സർക്കാരിലേക്ക് തിരിച്ചു പിടിക്കുന്നതിനും, സ്വകാര്യവ്യക്തികളുടെ ഭൂമിയുടെ അതിരുകൾ തിട്ടപ്പെടുത്തുന്നതിനുമായാണ് റീസർവേ. അയ്യൻകുന്ന് വില്ലേജിലെ '23187' ഏക്കർ സ്ഥലത്താണ് റീസർവേ നടക്കുന്നത്.

"പുഴയോര പ്രദേശങ്ങൾ, പുറംപോക്ക് ഭൂമി, കയ്യേറ്റ ഭൂമി എന്നിവ സർക്കാർ ഉടമസ്ഥതയിലേക്ക് മാറ്റും. ഓരോ ഉടമസ്ഥനും ഭൂമിയുടെ അതിരു പ്രകാരം പുതിയ നമ്പർ നൽകും. അതിർത്തി തർക്കം ഒഴികെയു ള്ള പരാതികൾക്ക് റീസർവേ വിഭാഗത്തിലെ സൂപ്രണ്ടിന് പരാതി നൽകാവുന്നതാണ്", സർവേയർ ജിഷ മനോജ് പറഞ്ഞു.

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ, തളിപ്പറമ്പ്, ശ്രീകണ്ഠപുരം തുടങ്ങി മൂന്ന് സൂപ്രണ്ട് ഓഫീസുകളായാണ് റീസർവേ നടത്തുന്നത്. റവന്യു വകുപ്പിന് കീഴിലുള്ള റീസർവേ ഡിപ്പാർട്ട്മെന്റാണ് സർവേക്ക് നേതൃത്വം നൽകുന്നത്.

## കടുത്ത വേനൽ: ഉരുപ്പുംകുറ്റിയെ കാത്തിരിക്കുന്നത് കനത്ത ജലക്ഷാമം

**ജോബിൻ ജേക്കബ്**

ഉരുപ്പുംകുറ്റി: വേനൽ കനക്കുന്നതോടെ കുണ്ടൂർ തോട് നീരൊഴുക്ക് നിലച്ച് നിശ്ചലയാകുന്നു. കുടക് വനത്തിലെ മടത്തോട് നിന്നാരംഭിച്ച് വള്ളിത്തോട് പുഴയിലവസാനിക്കുന്ന കുണ്ടൂർ തോട്ടിലെ നീരൊഴുക്ക് കുറയുന്നതോടെ സ്വന്തമായി കിണറോ കുളങ്ങളോ ഇല്ലാത്ത ആയാംകുടി - ഈന്തുംകരി കോളനി നിവാസികൾ പ്രതിസന്ധിയിലാവും. ഏഴാംകടവ്, ഉരുപ്പുംകുറ്റി, അങ്ങാടിക്കടവ് പ്രദേശവാസികളുടെ ജീവിതവും ദുഷ്കരമാകും.

ജലസ്രോതസുകളിൽ നിന്ന് നേരിട്ട് ജലം ശേഖരിക്കുന്ന രീതിയാണ് കോളനി നിവാസികൾ പിന്തുടരുന്നത്. ചെരിഞ്ഞ ഭൂപ്രകൃതിയും വലിയ പാറകളുമുള്ള ഉരുപ്പുംകുറ്റി പ്രദേശത്ത് കിണർ നിർമ്മിക്കുകയെന്നത് ബുദ്ധിമുട്ടാണ്. ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ ഭീഷണി നിലനിൽക്കുന്ന പ്രദേശമായതിനാൽ വലിയ തടയിണകളും ജലസേചന പദ്ധതികളും സാധ്യമല്ല.

"ഉരുപ്പുംകുറ്റി പ്രദേശത്തെ കുന്നിനു മുകളിൽ വറ്റാത്ത ഉറവകളുള്ള ജലസ്രോതസ്സുകളുണ്ട്. സ്വകാര്യ വ്യക്തികളുടെ കയ്യിലുള്ള ഇത്തരം സ്ഥലങ്ങൾ പഞ്ചായത്ത് മുൻകൈയ്യെടുത്ത് വിലക്ക് വാങ്ങുകയോ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുക്കുകയോ ചെയ്താൽ ഉരുപ്പുകുറ്റി പ്രദേശത്തെ ഭൂരിഭാഗം ആളുകൾക്കും വലിയ ചെലവില്ലാതെ ജലസേചനം സാധ്യമാക്കാം", അയ്യൻകുന്ന് പഞ്ചായത്ത് ഏഴാം വാർഡ് മെമ്പർ ജോസ് എവൺ പറഞ്ഞു.

"പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നാല് ടാങ്കുകൾ പ്രദേശത്ത് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വെള്ളം എത്തിക്കുന്ന പൈപ്പുകൾ കാലപ്പഴക്കം കൊണ്ട് നശിച്ചതിനാൽ അവയിലൊന്നുപോലും നിലവിൽ പ്രവർത്തനക്ഷമമല്ല. തകർന്ന് കിടക്കുന്ന ജലവിതരണം എത്രയും വേഗം പുഃനസ്ഥാപിക്കാൻ ആവശ്യമായ തുക വകയിരുത്താൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്." അദ്ദേഹം കൂട്ടിച്ചേർത്തു.

"കുടിവെള്ളം-ശുചിത്വം എന്നീ ആവശ്യങ്ങൾക്ക് വേണ്ടി ഒന്നേകാൽ കോടിരൂപയാണ് പ്രവർത്തന വർഷം അയ്യൻകുന്ന് പഞ്ചായത്ത് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഏപ്രിൽ-മെയ് മാസങ്ങളിൽ വേനൽ രൂക്ഷമാകുമ്പോൾ അതിനെ പ്രതിരോധിക്കാനായി തടയിണകെട്ടൽ, കിണർ റീചാർജിങ്, നീർത്തട പരിപാലനം, കയർ ഭൂവസ്ത്രം എന്നിങ്ങനെ വ്യത്യസ്തമായ പദ്ധതികൾക്ക് കുടുംബശ്രീയുടെ സഹായത്തോടെ രൂപം നൽകിയിട്ടുണ്ട്. കേന്ദ്ര


*വേനൽ രൂക്ഷമായതോടെ സ്വന്തമായി കിണറോ കുളങ്ങളോ ഇല്ലാത്ത ഈന്തുംകരി കോളനി നിവാസികൾ ജലം തേടിയുള്ള യാത്രയിൽ.*

സർക്കാരിന്റെ ജലജീവൻ, കേരള സർക്കാരിന്റെ ജലനിധി എന്നിവ വഴി കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുവാൻ ആവശ്യമായ മുൻകരുതലുകളെടുക്കും." പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മിനി വിശ്വനാഥൻ പറഞ്ഞു.

നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ജലപദ്ധതികളുടെ നടത്തിപ്പിന് കാലതാമസം നേരിടുമെന്നും പഞ്ചായത്ത് അധികൃതർ സൂചിപ്പിച്ചു.

## എഡിറ്റോറിയൽ

# വിദ്യാധനം സർവ്വധനാൽ പ്രധാനം

വിദ്യയെന്ന ധനം ആർജ്ജിക്കുന്നത് എല്ലാറ്റിലും ശ്രേഷ്ഠമെന്നതാണ് ഭാരത ദർശനം. പക്ഷേ കേരളത്തിലെ അധ്യാപക സംഘടനകൾ തമ്മിലുള്ള വാദപ്രതിവാദങ്ങളും മത്സരങ്ങളും കാണുന്ന ഏതൊരുവനും എളുപ്പത്തിൽ മനസ്സിലാക്കാം, ഇവിടെ വിദ്യാഭ്യാസത്തെക്കാൾ വിലമതിക്കുന്നത് മറ്റു പലതിനുമാണെന്ന്.

മാർച്ച് 17 ന് ആരംഭിക്കേണ്ടിയിരുന്ന എസ്എസ്എൽസി, പ്ലസ് ടു പൊതുപരീക്ഷകൾ നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷം ഏപ്രിൽ 8 മുതൽ നടത്താൻ കേന്ദ്ര തിരെഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു. കോവിഡ് കാലം പ്രതിസന്ധി സൃഷ്ടിച്ച അധ്യയനവർഷത്തിന്റെ സമാപനത്തിലെ അപ്രതീക്ഷിതമായ ഈ പരീക്ഷ മാറ്റം വിദ്യാർത്ഥികൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കും. കോവിഡിന്റെ പശ്ചാത്തലത്തിൽ കൂടുതൽ സ്കൂളുകൾ തെരഞ്ഞെടുപ്പ് കേന്ദ്രങ്ങളായി മാറുന്നതിനാലും കൂടുതൽ അധ്യാപകർക്ക് തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ പ്രവേശിക്കേണ്ടിവരുന്നതിനാലുമാണ് പൊതുപരീക്ഷകളുടെ സമയമാറ്റത്തിന് സർക്കാർ ശുപാർശ ചെയ്തത്. സി.ബി.എസ്.ഇ ഐ.സി.എസ്.ഇ ബോർഡ് പരീക്ഷകളും മാർച്ച് മാസത്തിൽ നടക്കുന്നില്ല.

മികച്ച മാനേജ്മെന്റും മുൻ വർഷങ്ങളിൽ 100 ശതമാനം വിജയവും സ്വന്തമാക്കിയ അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹയർസെക്കൻഡറി സ്കൂളിൽ മൂന്നു ബാച്ചുകളിലായി 164 കുട്ടികളും പത്താം ക്ലാസ്സിൽ നാല് ഡിവിഷനിലായി 128 പേരുമാണ് ഈ വർഷം പരീക്ഷയ്ക്ക് തയ്യാറെടുത്തുക്കൊണ്ടിരിക്കുന്നത്. മാതൃകാ പരീക്ഷകൾ കൃത്യസമയത്ത് തീർത്തിട്ടും പരീക്ഷാ തീയതികളിൽ അവസാന സമയത്തുണ്ടായ മാറ്റം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക സൃഷ്ടിക്കുന്നതാണ്. പ്രാക്ടിക്കൽ പരീക്ഷകൾ സംബന്ധിച്ച തീയതികളിലും അനിശ്ചിതത്വം തുടരുകയാണ്.

പ്രൊഫഷണൽ കോഴ്സുകളിൽ ചേരുന്നതിനൊരുക്കമായി എൻട്രൻസ് പരീക്ഷക്കായി തയ്യാറെടുക്കുന്ന വിദ്യാർത്ഥികളെയും അവധിക്കാല പരിപാടികൾ ക്രമീകരിക്കുന്നവരെയും മുന്നിൽ കണ്ട് പരീക്ഷ കഴിഞ്ഞാലുടൻ സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്തണം. വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കാതിരിക്കാൻ ഇതിനുവേണ്ട നടപടികൾ എത്രയും വേഗം അധികൃതർ സ്വീകരിക്കുമെന്ന് കരുതാം.

# അങ്ങാടിപത്രം പ്രകാശനം ചെയ്തു

**അമൃത സുരേന്ദ്രൻ**

ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് ജേർണലിസം വിഭാഗം 'അങ്ങാടിപത്രം' എന്ന പേരിൽ ഒരു ദ്വൈവാര പത്രം പുറത്തിറക്കി. ആദ്യപ്രതി അയ്യങ്കുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ വ്യാപാര വ്യവസായ സമിതി ചെയർമാൻ ജോർജ് ഒറ്റപ്ലാക്കലിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ചു പുറത്തിറങ്ങിയ ആദ്യ പതിപ്പിൽ വനിതാ പ്രാധാന്യമുള്ള വാർത്തകളാണ് ഉൾപ്പെടുത്തിയത്.



*അങ്ങാടിപത്രത്തിന്റെ ആദ്യപ്രതി അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ വ്യാപാരിവ്യവസായി ഏകോപനസമിതി പ്രസിഡണ്ട് ജോർജ് ഒറ്റപ്ലാക്കലിന് നൽകി പ്രകാശനം ചെയ്യുന്നു.*

അങ്ങാടിക്കടവ്, വള്ളിത്തോട്, കരിക്കോട്ടക്കരി, ചരൾ എന്നിവിടങ്ങളിലെ പ്രാദേശിക വാർത്തകളാണ് അങ്ങാടിപത്രത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. തികച്ചും സൗജന്യമായാണ് പത്രം ജനങ്ങളിൽ എത്തിക്കുന്നത്. വിദ്യാർത്ഥികൾ തന്നെ വാർത്തകൾ കണ്ടെത്തി, എഴുതി, ഡിസൈൻ ചെയ്ത് വിതരണം ചെയ്യുന്നുവെന്നതാണ് അങ്ങാടിപത്രത്തിന്റെ പ്രത്യേകത.

ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഫ്രാൻസിസ് കാരക്കാട്ട്, സ്റ്റുഡന്റ് എഡിറ്റർ ഇൻചാർജ് ക്രിസ്റ്റീൻ ലൂയിസ് എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു.

# എടൂർ-പാലത്തിൻകടവ് റോഡ് നിർമ്മാണം ആരംഭിക്കുന്നു

**വിപിൻ വില്ല്യം**



*എടൂർ -പാലത്തിൻകടവ് റോഡ് നിർമ്മാണത്തിന്റെ ഭാഗമായി നടക്കുന്ന പ്രാഥമിക സർവ്വേ*

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി എടൂർ-പാലത്തിൻകടവ് റോഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. പേരാവൂർ നിയോജകമണ്ഡലം സണ്ണി ജോസഫ് എം.എൽ.എയുടെ പുരോഗമന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പദ്ധതിയുടെ ഉത്ഘാടനം പൊതുമരാമത്ത് മന്ത്രി ജി. സുധാകരൻ ഓൺലൈനായാണ് നിർവഹിച്ചത്.

എടൂർ -അങ്ങാടിക്കടവ് -വാണിയപ്പാറ -ചരൾ -പാലത്തിൻകടവ് വരെയുള്ള ഇരുപത്തിനാലര കിലോമീറ്റർ റോഡ് നവീകരിച്ച് സംസ്ഥാന പാതയുടെ നിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം. കേരള സ്റ്റേറ്റ് ട്രാൻസ്പോർട് പ്രൊജക്റ്റിന്റെ നേതൃത്വത്തിലാണ് നിർമ്മാണ പ്രവർത്തനം.

റോഡ് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിലൂടെ മലയോരമേഖലയിലെ വാണിജ്യ ഉൽപ്പന്നങ്ങളുടെ വിപണനത്തിനും വിനോദ സഞ്ചാരത്തിനും സാധ്യത വർദ്ധിക്കും. ടൗൺ പ്രദേശങ്ങളിൽ 12 മീറ്റർ വീതിയും മറ്റു സ്ഥലങ്ങളിൽ 10 മീറ്റർ വീതിയിലുമായിരിക്കും റോഡ് നിർമ്മിക്കുക. റോഡിന്റെ ഇരുവശങ്ങളിലും ഓവുചാലുകളും, സോളാർ ലൈറ്റുകളും, റോഡിനു നടുവിൽ റിഫ്ളക്ടറുകളും, നിശ്ചിത അകലങ്ങളിൽ വെയിറ്റിങ് ഷെഡുകൾ, കലുങ്കുകൾ, പാലങ്ങൾ, ടൗൺ ഏരിയകളിൽ ടോയ്ലെറ്റുകളും ഉൾപ്പെടുത്തിയാണ് നിർമ്മാണം.

135.6 കോടി രൂപ മുടക്കിൽ, നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പൂർത്തിയാക്കുന്ന റോഡ് ഇപ്പോൾ സ്ഥലം അളന്ന് തിട്ടപ്പെടുത്തി രൂപകൽപ്പന ചെയ്യുകയാണ്. ഇലക്ഷൻ കഴിഞ്ഞാലുടൻ പണി ആരംഭിക്കും.

# വീടൊരുക്കി എൻ.എസ്.എസ്. ടീം

## എൻ.എസ്.എസ്സിന്റെ നാലാമത്തെ വീട് നിർമ്മാണം പുരോഗമിക്കുന്നു

**ഐശ്വര്യ സി. ജേക്കബ്**

എടൂർ : "എനിക്കു വേണ്ടിയല്ല നിനക്ക് വേണ്ടി" എന്ന എൻ.എസ്.എസ്. ആപ്തവാക്യത്തിന്റെ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് എടൂർ അയമുക്കിൽ ജെസ്സി ചെമ്പകശ്ശേരിക്ക് വീട് ഒരുക്കുകയാണ് ഡോൺബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻ.എസ്.എസ്. ടീം.

അഞ്ചു ലക്ഷം മുതൽ ആറ് ലക്ഷം വരെ ചിലവ് പ്രതീക്ഷിക്കുന്ന വീട് നിർമ്മാണത്തിന് പണം കണ്ടെത്തുന്നത് വിദ്യാർഥികളും അധ്യാപകരും ചേർന്നാണ്. നിർമ്മാണത്തിനായി സുമനസ്സുകളുടെ സഹായം ലഭിക്കുന്നുണ്ട്. എൻ.എസ്.എസ്സിന്റെ നേതൃത്വത്തിൽ നിർമിക്കുന്ന നാലാമത്തെ വീടാണിത് .



*സ്നേഹവീടിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ ആശീർവാദം ഫാ.റാപ്സൺ നിർവഹിക്കുന്നു*

"600 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ പണിയുന്ന വീടിന് രണ്ട് മുറിയും ഹാളും അടുക്കളയും വർക്ക് ഏരിയയും ഉണ്ട്. വീടിനായി പ്ലാൻ വരച്ചു നൽകിയത് കണിച്ചാർ ഉള്ള മൈ ബിൽഡർ ഹോം എന്ന സ്ഥാപനമാണ്. മേരി ഇല്ലിക്കൽ ആവില സദൻ പള്ളിയിലെ ഫാ. റാപ്പ്സന് ദാനമായി നൽകിയ സ്ഥലമാണ് വീട് നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്." എൻ.എസ്.എസ്. സ്റ്റാഫ് കോഡിനേറ്റർ ജിഷ ഇ. പറഞ്ഞു.

"കഴിഞ്ഞവർഷം 103 ദിവസം കൊണ്ട് വീട് പൂർത്തിയാക്കിയതാണ്. ഈ വർഷം കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നത് മൂലം കൂടുതൽ ദിവസം ആവശ്യമായി വരും. കാലവർഷത്തിന് മുൻപ് പണി പൂർത്തിയാക്കണം എന്നാണ് ആഗ്രഹം. ജെസ്സിയും രണ്ടു കുട്ടികളും അടങ്ങുന്ന കുടുംബം വാടകവീട്ടിലാണ് താമസിക്കുന്നത്. 3000 രൂപ മാസ വാടക കൊടുക്കുക എന്നത് ഇവരെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടാണ്. അതുകൊണ്ടുതന്നെ എത്രയും വേഗം വീട് പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെയാണ് എൻ.എസ്.എസ് ടീം പ്രവർത്തിക്കുന്നത്." സ്റ്റാഫ് കോർഡിനേറ്റർ നിതിൻ കുട്ടൻ പി.കെ. പറഞ്ഞു.

## മീനച്ചൂടിൽ വലഞ്ഞ്



*വേനൽച്ചൂട് കൂടിയതോടെ നാട്ടിലെ ശീതളപാനീയ വിപണിയും സജീവമാകുകയാണ്. അങ്ങാടിക്കടവ് ടൗണിൽ നിന്നുള്ള ദൃശ്യം.*

ഫോട്ടോ: അഡാസിയോ ജോവാക്കിം

**നിങ്ങൾക്കും ഈ പത്രത്തിൽ പരസ്യം ചെയ്യാം.**
**വിളിക്കൂ...9496698531, 9605151130**

A-ONE
Group of Civil Engineering & Constructions
All about building construction
Drawing, Designing, Supervision & Construction
Angadikadavu
Phone: 04902427100, 9745385788

BUILDART
CERAMIC
Committed to Build for a Quality Living
Kuttikkol,Thaliparamba
Phone: +91 869106910785

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവീൺ പി. എഫ് |എഡിറ്റർ ഇൻ ചാർജ്: ജോബിൻ ജേക്കബ് | സബ് എഡിറ്റേഴ്സ്: വിപിൻ വില്ല്യം, മിൻസിയ നസ്രി, അമൃത സുരേന്ദ്രൻ, അഡാസിയോ ജോവാക്കിം, അനുശ്രീ കെ, ഐശ്വര്യ സി. ജേക്കബ് |ഫോട്ടോഗ്രാഫേഴ്സ് : അഡാസിയോ, വിപിൻ വില്ല്യം, ജോബിൻ ജേക്കബ് | ഡിസൈൻ: ബിവാൾഡിൻ